**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1681** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഫൈൻ ആർട്സ് കോളേജുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ സർക്കാർ ഫൈൻ ആർട്സ് കോളേജുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. തൃശ്ശൂർ, മാവേലിക്കര, തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജുകളിൽ ഹോസ്റ്റലുകൾ ഉടങ്ങുന്നതടക്കം അടിസ്ഥാന സൗകര്യവിപുലീകരണത്തിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. |
| (ബി) | സംസ്ഥാനത്ത് ഫൈൻ ആർട്സ് കോളേജുകളുടെയും സീറ്റുകളുടെയും പരിമിതി മൂലം വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഫൈൻ ആർട്സ് കോളേജുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാലാനുസൃതമായി ഡിപ്ലോമ, ബിരുദ, ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നതിനും അതുവഴി കൂടുതൽ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>ഫൈൻ ആർട്സ് കോളേജുകളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഭരണാനുമതി നൽകിയ പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിലെ കാന്റീൻ കെട്ടിട നവീകരണത്തിനായി 11,35,000/- രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. എന്നാൽ DSOR 2018 പ്രകാരം എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവ് ഉണ്ടായതിനാൽ ടി തുകയ്ക്കുള്ള പുതുക്കിയ ഭരണാനുമതി അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഡി) | സ്വകാര്യ, സ്വാശ്രയ, സഹകരണ മേഖലകളിൽ ഫൈൻ ആർട്സ് കോളേജുകൾ | (ഡി) | കേരളത്തിൽ സഹകരണ മേഖലയിൽ ഫൈൻ ആർട്സ് കോളേജുകൾ പ്രവർത്തിക്കുന്നില്ല. കേരളത്തിലെ സർവകലാശാലകളിൽ കണ്ണൂർ |

| | | | |
|---|---|---|---|
| | പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | | സർവകലാശാലയ്ക്ക് കീഴിൽ സ്വകാര്യ / സ്വാശ്രയ മേഖലയിൽ പിലാത്തറ എന്ന സ്ഥലത്ത് ലാസ്യ കോളേജ് ഓഫ് ഫൈൻ ആർട്സ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ആർട്സ് & സയൻസ് വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത കോളേജിൽ ബി.എ ഭരതനാട്യം (40 സീറ്റ്), ബി.എ കർണാടിക് മ്യൂസിക് (30 സീറ്റ്), എം.എ ഭരതനാട്യം (20 സീറ്റ്) എന്നീ കോഴ്സുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**CFA മാവേലിക്കര**

| **Item** | **ഭരണാനുമതി തുക (രൂപയിൽ)** |
|---|---|
| Consumables | 9,03,830/- |
| Easel | 3,58,860/- |
| Water Purifier | 58,000/- |
| Waiting Room, Toilet | 12,16,000/- |
| Electrical Repairing | 1,68,000/- |

**CFA തൃശ്ശൂർ**

| **Item** | **ഭരണാനുമതി തുക (രൂപയിൽ)** |
|---|---|
| Consumables | 22,07,179/- |
| Photography Equipments | 3,11,000/- |
| Portable A/C | 1,14,000/- |
| Portable Speaker | 1,50,000/- |
| Incinerator | 1,34,803/- |
| Security Camera | 89,404/- |
| Equipments | 42,825/- |
| Tiles in Principal room and Office room | 7,00,000/- |

**CFA തിരുവനന്തപുരം**

| **Item** | **ഭരണാനുമതി തുക (രൂപയിൽ)** |
|---|---|
| Equipments | 2,04,000/- |
| Photography Studio & Easel | 32,84,000/- |
| 10 KVA UPS | 2,60,000/- |
| Interactive Board | 1,20,000/- |
| Display Board | 2,47,000/- |
| Digitalization of Library | 2,85,000/- |
| Utensils | 1,11,760/- |

| | |
|---|---|
| Consumables | 13,74,099/- |
| Toilet in Principal Room and Office Room | 6,59,000/- |
| Renovation of Applied Arts Building | 55,97,000/- |
| Compound Wall - Boys Hostel | 6,29,000/- |